(എഫ്) സുരക്ഷിതമായി സൂക്ഷിച്ചുകൊള്ളാമെന്ന് കരാറിൽ ഏറ്റെടുത്ത പുരാവസ്തുക്കൾ ഏതെല്ലാമായിരുന്നു; അവ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ജി) നഷ്ടപ്പെട്ട പുരാവസ്തുക്കൾക്ക് എന്തു വില വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ പല്ലക്ക്, കൽപ്പള്ളി പുലാപ്ര വീട്ടിൽനിന്ന് ലഭിച്ച പല്ലക്ക്, നന്നങ്ങാടി, മുളകൊണ്ടുള്ള കട്ട തുടങ്ങിയവയോടൊപ്പം മറ്റു വസ്തുക്കളും നഷ്ടപ്പെട്ടിരുന്നതായി യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. ഇതിന്റെ യഥാർത്ഥത്തിലുള്ള ഇനവിവരവും എണ്ണവും സർവ്വകലാശാല തിട്ടപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് സിൻഡിക്കേറ്റിന്റെ സബ്കമ്മിറ്റിയെക്കൊണ്ട് വിശദമായ ഒരന്വേഷണം നടത്തുകയുണ്ടായി.

(ഡി) വാർഷിക സ്റ്റോക്കെടുപ്പ് നടത്തിയിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ)—(ജി) സിൻഡിക്കേറ്റ് സബ്കമ്മിറ്റി വിശദമായ അന്വേഷണം നടത്തുന്നുണ്ട്.

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷൻ, ഫീസ്

109 [692] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷൻ, ഫീസ് എന്നിവ സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ കോഴ്സിനും വിവിധ സ്ഥാപനങ്ങളിൽ ഫീസും മറ്റ് ഇനങ്ങളിലുമായി മാനേജ്മെന്റ് എത്ര തുക ഈടാക്കുന്നു എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

GPM. 2/574/2012—19

LIBRARY ARCHIVES Kerala Legislative Assembly

(ഡി പ്രസ്തുത എൻട്രൻസ് പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ മെരിറ്റടിസ്ഥാന ത്തിലായിരിക്കണമെന്ന് കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് [പ്രൊഹിബിഷൻ ഓഫ് കാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ് ആക്റ്റ്, 2004 (17 ഓഫ് 2004)] പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ കോഴ്സുകൾക്ക് 2005-2006 വർഷം ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമായിരിക്കുമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.

(ബി)	*കോഴ്സ്*	*ഫീസ്*
	എഞ്ചിനീയറിംഗ്	38,700 രൂപ
	എം.ബി.ബി.എസ്.	1,13,000 രൂപ
	ബി.ഡി.എസ്.	76,000 രൂപ
	ബി.എ.എം.എസ്.	45,500 രൂപ
	ബി.എസ്സി. നഴ്സിംഗ്	49,400 രൂപ
	ബി.എച്ച്.എം.എസ്.	40,500 രൂപ
	ബി.ഫാം	35,000 രൂപ

ഇതുകൂടാതെ ഓരോ കോഴ്സിനും ഓരോ വിദ്യാർത്ഥിയിൽ നിന്നും പരമാവധി 10,000 രൂപ കോഷൻ ഡെപ്പോസിറ്റായി വാങ്ങാവുന്നതാണ്. കോളേജുകൾ നൽകിയ നിർദ്ദേശങ്ങൾ, കോളേജുകളുടെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക ബാദ്ധ്യത എന്നിവ പരിഗണിച്ചാണ് ജസ്റ്റീസ് കെ. ടി. തോമസ്സ് കമ്മിറ്റി ഇത്തരത്തിലൊരു ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ളത്.

(സി) സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ കൺസോർഷ്യമാണ് പ്രസ്തുത പരീക്ഷകൾ നടത്തുന്നത്.

(ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ യെഴുതുവാൻ വേണ്ട യോഗ്യതയെല്ലാം തന്നെ ഈ പരീക്ഷയെഴുതുന്നവർക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly